**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6280** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | 1. സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷന ലഘൂകരിക്കാൻ online സംവിധാന ഏർപ്പെടുത്തിയിട്ടുള്ളതാണ്. ആധാര ഹാജരാക്കുന്ന വ്യക്തിക്ക് രജിസ്ട്രേഷന ആവശ്യങ്ങൾക്കായി ഒരുക്കിയിട്ടുള്ള PEARL സോഫ്റ്റ്വെയറിൽ ഡേറ്റ എൻട്രി നടത്തി ടോക്കണ തെരഞ്ഞെടുത്ത് ഇ-പെയ്മെന്റായ ഫീസൊടുക്കി ആധാരം ഹാജരാക്ക രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>2. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട ഏതൊരു ആധാരവും ജില്ലക്കുള്ളിലെ ഏതു സബ് രജിസ്ട്രാർ ഓഫീസിലു രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. രജിസ്ട്രേഷൻ സമയത്ത് consent based Aadhar Authentication service മുഖേന കക്ഷികളെ തിരിച്ചറിയുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം consent based Aadhar Authentication നടപ്പാക്കുന്നതിലൂടെ ആൾമാറാട്ടം തടയുന്നതിനും ഡിജിറ്റൽ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുന്നതിനും കഴിയും.<br>4. രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന് ആധാരമെഴുത്തുകാർക്കു തൊഴിൽ നഷ്ടപ്പെടാതെ ആധാരങ്ങൾക്ക |

| | | | |
|---|---|---|---|
| | | | Template സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണിച്ചു വരുന്നു. |
| (ബി) | ഭൂമിയുടെ ക്രയവിക്രയം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വ്യക്തിതാല്പര്യം, സാമ്പത്തിക സ്ഥിതി എന്നീ കാര്യങ്ങൾക്കനുസൃതമായിട്ടാണ് വ്യക്തികൾ അവരവരുടെ ഭൂമിയുടെ ക്രയവിക്രയം നടത്തുന്നത്.<br><br>ഒരു ആധാരം രജിസ്റ്റർ ചെയ്തതിന് ശേഷം 3 മാസത്തിനകമോ 6 മാസത്തിനകമോ നടത്തപ്പെടുന്ന തീറാധാരങ്ങൾക്ക് നിലവിലുള്ള അധിക മുദ്രവില നിരക്കുകൾ ഒഴിവാക്കുന്നതായി 2023-24 ബജറ്റ് പ്രഖ്യാപനത്തിൽ 555- ാം ഖണ്ഡികയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇപ്രകാരം അധിക മുദ്രവില ഒഴിവാക്കുന്നത് ഭൂമി ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. |

സെക്ഷൻ ഓഫീസർ